പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5430

27.03.2018-ൽ മറുപടിയ്ക്ക്

## കർഷകർക്ക് കുറഞ്ഞ വിലയും കച്ചവടക്കാർക്ക് അമിതലാഭവും

| ചോദ്യം<br>ശ്രീ.പി.കെ.ബഷീർ | | ഉത്തരം<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കർഷകർ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന ഈ സാഹചര്യത്തിൽ കാർഷിക വിളകൾക്ക് ലഭിക്കുന്ന വില ഉൽപാദന ചിലവുമായി താരതമ്യപ്പെടുത്തുമ്പോൾ വളരെ കുറവായിരിക്കുകയും കച്ചവടക്കാർ അമിതലാഭം കൈയ്യാളുന്ന അവസ്ഥ നിലനിൽക്കുകയും ചെയ്യുന്നതിനാൽ അവശ്യസാധനങ്ങൾക്ക് കർഷകർക്ക് ന്യായമായ വില ലഭിക്കുവാൻ ഗവൺമെന്റ് നടപടികൾ സ്വീകരിക്കുമോ; | (എ) | കാർഷിക വിളകൾക്ക് ലഭിക്കുന്ന വില ഉല്പാദന വിലയുമായി താരതമ്യപ്പെടുത്തുമ്പോൾ കുറവായിരിക്കുന്ന സാഹചര്യം പരിഹരിക്കുന്നതിനു വേണ്ടി കർഷകർക്ക് അവർ ഉല്പാദിപ്പിക്കുന്ന കാർഷിക ഉല്പന്നങ്ങൾക്ക് 'വിപണി ഇടപെടൽ' എന്ന പദ്ധതിയിലൂടെ ന്യായമായ വില ഉറപ്പുവരുത്തിയിട്ടുണ്ട്, നെല്ല്, റബ്ബർ എന്നിവയുടെ താങ്ങുവില നിശ്ചയിച്ചും , പച്ചത്തേങ്ങാ സംഭരണ പദ്ധതി നടപ്പിലാക്കിയതും ഉത്സവ കാലങ്ങളിൽ പച്ചക്കറിയുടെ വില ക്രമാധീതമായി ഉയരുന്നത് പിടിച്ചു നിർത്താനും കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾക്ക് ന്യായവില ഉറപ്പുവരുത്തുന്നതിനുവേണ്ടി സംഘടിപ്പിച്ച ഓണം സമൃദ്ധി പദ്ധതി, വിഷുക്കണി പദ്ധതികളെല്ലാം ഇതിന് ഉദാഹരണമാണ്. കൂടാതെ കർഷകർക്ക് കൃഷി ചെയ്യുന്നതിനാവശ്യമായ ഉൽപ്പന്നോപാധികളെല്ലാം സബ്സിഡി നിരക്കിൽ വിവിധ കാർഷിക പദ്ധതികളിലൂടെ ലഭ്യമാക്കുന്നുണ്ട്. |
| (ബി) | റബ്ബർ കർഷകർക്ക് സർക്കാർ പ്രഖ്യാപിച്ച സബ്സിഡി തുക 2016 ജൂൺ മാസം മുതൽ ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ, ഇത് പരിഹരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ? | (ബി) | റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് സ്കീമിന് കീഴിൽ റബ്ബർ കർഷകർക്ക് സബ്സിഡി തുക വിതരണം ചെയ്യുന്നതിന് നിലവിൽ തടസ്സങ്ങളൊന്നുമില്ല. 07/03/2018 വരെ റബ്ബർ ബോർഡ് പരിശോധിച്ച് അംഗീകരിച്ച് മുഴുവൻ ബില്ലുകളുടേയും സബ്സിഡി തുക കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് കൈമാറിയിട്ടുണ്ട്. ഇതിൽ 2018 ഫെബ്രുവരി മാസം വരെയുള്ള ബില്ലുകൾ ഉൾപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ